<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105

31.10.2019-ൽ മറുപടിക്ക്

## സമുദ്ര പരിധി സംബന്ധിച്ച കേന്ദ്ര നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി**<br>**,, പി.ഉബൈദുള്ള**<br>**,, കെ.എം.ഷാജി**<br>**,, എൻ .എ.നെല്ലിക്കുന്ന് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള പന്ത്രണ്ട് നോട്ടിക്കൽ മൈൽ സമുദ്ര പരിധിയിൽ കൂടി കേന്ദ്രസർക്കാരിന് അധികാരം നൽകുന്ന നിർദ്ദിഷ്ട നിയമ നിർമ്മാണത്തിൽ മത്സ്യബന്ധന മേഖലയിലുള്ളവരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | കേന്ദ്ര സർക്കാരിന്റെ കരട് മത്സ്യബന്ധന നിയമം 2019 പ്രസിദ്ധീകരിച്ച ഉടൻതന്നെ അത് സംസ്ഥാന താല്പര്യത്തിന് ഹാനികരമാണെന്ന് തിരിച്ചറിഞ്ഞത് കൊണ്ടും സംസ്ഥാനങ്ങളുടെ അധികാരത്തിന് മേലുള്ള കടന്നുകയറ്റ മാണെന്നും ബോധ്യപ്പെടുത്തി കൊണ്ടും കേന്ദ്ര സർക്കാരിന് സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും മത്സ്യ ത്തൊഴിലാളികൾക്ക് ഹാനികരമാകുന്ന നിർദ്ദേശങ്ങൾ തിരുത്തണമെന്ന് ആവശ്യ പ്പെടുകയുമുണ്ടായി. തുടർന്ന് കേന്ദ്ര ഫിഷറീസ് സെക്രട്ടറിയെ നേരിട്ട് സംസ്ഥാ നത്തിന്റെ ആശങ്കകൾ അറിയിക്കുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമുണ്ടായി. ചുവടെ പറയുന്ന നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നത്.<br>• 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ / ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.<br>• കേന്ദ്രസർക്കാർ കൊണ്ട് വരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ-2019 - ൽ കേന്ദ്രസർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളത് പോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ തന്നെ നിലനിർത്തണം.<br>• നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.<br>• നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ് / മെട്രോ പോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽ നിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.<br>• തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.<br>• ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.<br>• ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത |

മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.

- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്ത് കളയണം.
- സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.
- മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെ കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ് മെന്റ് സംവിധാനം കൊണ്ട് വരണം.
- നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.
- നിയമലംഘകരിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാ രിലേക്ക് മുതൽ കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം
- മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.
- ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും, 'Seaworthiness'

| | | | |
|---|---|---|---|
| | | | തടയൽ, മൺസൂൺ കാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധനയാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.<br>• 'മത്സ്യബന്ധനയാനം' എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെ കൂടി ഉൾപ്പെടുത്തണം.<br>• പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.<br><br>സംസ്ഥാനം സമർപ്പിച്ച ആകെ 48 നിർദ്ദേശങ്ങളിൽ 43 എണ്ണവും കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ടി നിർദ്ദേശങ്ങൾ വളരെ ഗുണകരമായതാണെന്ന് കേന്ദ്ര സർക്കാർ സംസ്ഥാന ഫിഷറീസ് വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**